പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം : 2798

20.06.2013-ൽ മറുപടി
നൽകേണ്ടത്

## ഭൂമി കേരളം പദ്ധതിക്ക് ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ നിന്നും അപേക്ഷിച്ചവർ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജി. എസ്. ജയലാൽ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ഭൂമി ഇല്ലാത്തവർക്ക് വീട് വയ്ക്കുന്നതിലേക്ക് ഭൂമി ലഭ്യമാക്കുന്ന ഭൂമികേരളം പദ്ധതി അനുസരിച്ച് ചാത്തന്നൂർ നിയോജക മണ്ഡല പ്രദേശത്തുനിന്നും എത്രപേർ അപേക്ഷകരായി ഉണ്ടായിരുന്നുവെന്ന് അറിയിക്കുമോ; | (എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരമുള്ള അപേക്ഷകൾ വില്ലേജ് തലത്തിലാണ് സ്വീകരിച്ചിട്ടുള്ളത്. ചാത്തന്നൂർ നിയോജക മണ്ഡലം ഉൾപ്പെട്ടു വരുന്നത് ആദിച്ചനല്ലൂർ, ചിറക്കര, കല്ലുവാതുക്കൽ, കോട്ടപ്പുറം, മീനാട്, പള്ളിമൺ, പരവൂർ, പാരിപ്പള്ളി, പൂതക്കുളം, തഴുത്തല എന്നീ വില്ലേജുകളാണ്. വില്ലേജ് തലത്തിലും താലൂക്ക് തലത്തിലും അന്വേഷണം നടത്തി അർഹരായവരുടെ ലിസ്റ്റ് 15.08.2012- ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ 15.02.2013 വരെ ലഭിച്ച അപേക്ഷകളിന്മേൽ അന്വേഷണം നടത്തിവരുന്നു. |
| (ബി) പ്രസ്തുത അപേക്ഷ പരിശോധിച്ചതിൽനിന്നും എത്രപേർ അർഹരാണെന്ന് കണ്ടെത്തിയിട്ടുണ്ട്; | (ബി) സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് വിശദമായ അന്വേഷണം നടത്തി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്ന നടപടികൾ ജില്ലാതലത്തിൽ സമയബന്ധിതമായി നടന്നുവരുന്നു. ഇവ കൂടി പൂർത്തിയായാൽ മാത്രമേ ഈ പദ്ധതിയിൽ അപേക്ഷിച്ചിട്ടുള്ളവരിൽ ഭൂരഹിതകുടുംബങ്ങളുടെ എണ്ണം കൃത്യമായി തിട്ടപ്പെടുത്തുവാൻ കഴിയുകയുള്ളൂ. |

| | |
|---|---|
| (സി) ഈ അപേക്ഷകർക്ക് ഭൂമി ലഭ്യമാക്കുവാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ? | (സി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് നൽകുന്നതിന് അനുയോജ്യമായ വിവിധ തരം സർക്കാർ ഭൂമികൾ കണ്ടെത്തി സർവ്വേ ചെയ്ത് പ്ലോട്ട് തിരിക്കുന്ന നടപടികൾ ജില്ലാ തലത്തിൽ നടന്നുവരുന്നു. ഭൂമിയുടെ ലഭ്യത അനുസരിച്ച് അതാത് വില്ലേജുകളിലോ/ സമീപ വില്ലേജുകളിലോ/ താലൂക്കുകളിലോ/ ജില്ലകളിലോ നിന്ന് ഭൂമി വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ